LIBRARY ARCHIVES Kerala Legislative Assembly

**ധന ഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ച ലക്ഷ്യങ്ങൾ**

2 (1725) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ലക്ഷ്യവും നാളിതുവരെയുള്ള നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

&

(ബി) ഏതെങ്കിലും കാര്യത്തിൽ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ പറയുംപ്രകാരമാണ്:

(ശതമാനത്തിൽ) ധന സൂചകങ്ങൾ

| ധന സൂചകങ്ങൾ | | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| റവന്യൂകമ്മി/ ജി.എസ്. ഡി.പി | ലക്ഷ്യം | 0 | 0 | 0 |
| | നേട്ടം | 2.41 | 2.21 | 1.70 |
| ധനകമ്മി/ ജി.എസ്. ഡി.പി | ലക്ഷ്യം | 3.0 | 3.0 | 3.0 |
| | നേട്ടം | 3.83 | 3.41 | 2.79 |
| കടബാധ്യത/ ജി.എസ്. ഡി.പി | ലക്ഷ്യം | 30.40 | 30.01 | 29.67 |
| | നേട്ടം | 30.04 | 29.82 | 30.46* |

(*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 1471 കോടി രൂപയുടെ അധിക വായ്പ ഉൾപ്പെടെ) നോട്ട് നിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവും കാരണമാണ് ധനഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും പ്രതികൂലമായി

LIBRARY ARCHIVES Kerala Legislative Assembly

ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിക്ക്പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്.

(സി) പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചപ്രകാരമുള്ള ലക്ഷ്യം നേടാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ കേന്ദ്ര സർക്കാരിൽനിന്ന് ഇക്കാര്യത്തിൽ സർക്കാരിന് പൊതുനിർദ്ദേശങ്ങൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. എന്നാൽ ഓരോ വർഷവും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിക്കുന്ന വായ്പപരിധിക്കും ഇതിന് പുറമെ അനുവദിക്കുന്ന അധികവായ്പയ്ക്കും അനുസൃതമായി ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന നിബന്ധന വയ്ക്കാറുണ്ട്.

**ചെലവ് ചുരുക്കൽ നടപടികൾ**

3 (1726) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിനായി എന്തു ഉത്തരവുകളാണ് ഇറക്കിയതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് കാലാകാലങ്ങളിൽ